# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം
2012 ഡിസംബർ 12, ബുധൻ
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 338)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 719 മുതൽ 847 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | 848 മുതൽ 931 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 932 മുതൽ 975 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 976 മുതൽ 990 വരെ |
| പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 991 മുതൽ 1056 വരെ |

## ആരോഗ്യ നയം

719

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരോഗ്യ നയം രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം നടപ്പിലാക്കുവാന്‍ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് സമര്‍പ്പിച്ച പദ്ധതികള്‍

720 ശ്രീ. ഇ. പി. ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-2012, 2012-2013 എന്നീ സാമ്പത്തിക വര്‍ഷങ്ങളില്‍ ദേശീയ ഗ്രാമീണാരോഗ്യ ദൗത്യം മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുവാനായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് എന്തെല്ലാം പദ്ധതികളാണു സമര്‍പ്പിച്ചതെന്നും ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയെന്നും വ്യക്തമാക്കുമോ;

(ബി) അതു പ്രകാരം ഏതെല്ലാം പദ്ധതികള്‍ക്ക് എത്ര തുകയുടെ അംഗീകാരം ലഭിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) അംഗീകാരം ലഭിച്ച പദ്ധതികളുടെ പ്രവര്‍ത്തനങ്ങള്‍ ഇപ്പോള്‍ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ അംഗീകാരം ലഭിച്ച പദ്ധതികളില്‍ ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനത്തിനായുള്ള പദ്ധതികള്‍ ഉണ്ടോയെന്നും എങ്കില്‍ ഈ പദ്ധതിയില്‍ ഉള്‍പ്പെട്ടിട്ടുള്ള കണ്ണൂര്‍ ജില്ലയിലെ ഗ്രാമീണാരോഗ്യ സ്ഥാപനങ്ങള്‍ ഏതെല്ലാമെന്നും ഓരോ സ്ഥാപനത്തിനും നീക്കിവച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സമഗ്രമാനസികാരോഗ്യ നയം</u>

721 ശ്രീ. പാലോട് രവി
,, ഐ.സി . ബാലകൃഷ്ണൻ
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു സമഗ്രമാനസികാരോഗ്യ നയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മാനസിക രോഗം മറ്റു രോഗങ്ങൾ പോലെ പരിഗണിച്ച് മതിയായ ചികിത്സ നൽകുക, മാനസിക പ്രശ്നമനുഭവിക്കുന്നവർക്ക് ഏതൊക്കെ മേഖലയിൽ ചികിത്സ നൽകാം എന്നിവ നയത്തിൽ ഉൾപ്പെടുത്തുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

മരുന്ന് ക്ഷാമം

722 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മരുന്നുക്ഷാമം വരുത്തി പ്രൈവറ്റ് മരുന്നുഷോപ്പുകളുമായുള്ള വിതരണക്കാരുടെ ഒത്തു കളി അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്നുകൾ അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുതിയ മെഡിക്കൽ കോളേജുകൾ</u>

723 ശ്രീ. ബെന്നി ബെഹനാൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) എവിടെയെല്ലാമാണ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) ഇവ തുടങ്ങുന്നതിനുള്ള ധനസമാഹരണം എങ്ങനെ നടത്താനാണുദ്ദേശിക്കുന്നത് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം

724 ശ്രീ. സി.എഫ്. തോമസ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) സർക്കാർ മെഡിക്കൽ കോളേജുകളിൽ അപകടത്തിൽപ്പെട്ട് അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അടിയന്തര പരിചരണം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; രോഗികൾക്ക് അടിയന്തര പരിചരണം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്ത മരുന്നുകൾ</u>

725 ശ്രീ. സി. ദിവാകരൻ
,, മുല്ലക്കര രത്നാകരൻ
,, പി. തിലോത്തമൻ
,, ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ വിറ്റഴിക്കുന്നത് സംബന്ധിച്ച് വിവിധ ആരോഗ്യ സംഘടനകളിൽ നിന്നും ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ; നിവേദനങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വില്പന തടയുന്നതിന് കഴിഞ്ഞ ഒന്നരവർഷത്തിനിടയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇത്തരത്തിൽ എത്ര കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്; ഇതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള മരുന്നുകൾ</u>

726 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള മരുന്നുകൾ വില കുറച്ച് ലഭിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ബ്രാൻഡഡ് മരുന്നുകൾ വില കുറച്ച് വിൽക്കുന്നതിന് എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കർശനമാക്കുന്നതിനും, മരുന്നുകളുടെ ദുരുപയോഗം തടയുന്നതിനും പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം. പദ്ധതിയുടെ കേന്ദ്ര വിഹിതം</u>

727 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതിപ്രകാരം കേന്ദ്രത്തിൽ നിന്നും ഈ വർഷം എന്ത് തുകയാണ് ലഭിച്ചത്;

(ബി) ഇതിൽ എന്ത് തുക ഏതൊക്കെ മേഖലകളിൽ ചെലവായിട്ടുണ്ട്;

(സി) എൻ.ആർ.എച്ച്.എം. പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നുള്ള മരുന്നു വിതരണം</u>

728 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും മെഡിക്കൽ കോർപ്പറേഷന് മരുന്ന് വിതരണം ചെയ്തുവരുന്നുണ്ടോ ;

(ബി) ഏതെല്ലാം മരുന്നുകൾ ഏതെല്ലാം നിരക്കുകളിൽ വിതരണം ചെയ്തു വരുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ഡി.പി. യിൽ ഇപ്പോൾ ഏതെല്ലാം മരുന്നുകൾ എത്ര വീതം കെട്ടികിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ; ഇവ മെഡിക്കൽ കോർപ്പറേഷന് ആവശ്യമായിട്ടുളളവയാണോ ; വിശദമാക്കുമോ ;

(ഡി) കെ.എസ്.ഡി.പി. യുടെ മരുന്നുകൾക്ക് മെഡിക്കൽ കോർപ്പറേഷൻ വിലകുറച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മരുന്നുകൾക്ക് എത്ര രൂപ വീതം കുറച്ചിട്ടുണ്ട്;

(ഇ) മെഡിക്കൽ കോർപ്പറേഷൻ മരുന്നു വില വെട്ടിക്കുറച്ചത് കെ.എസ്.ഡി.പി.യെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അവശ്യമരുന്നുകളുടെ വില നിയന്ത്രണം</u>

729

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തയ്യാറാക്കിയ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളിൽ മിക്കവയും പൊതുവിപണിയിൽ കിട്ടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവയ്ക്കു പകരമുള്ള മരുന്നുകൾ വൻ വിലകൊടുത്ത് വാങ്ങേണ്ടിവരുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇല്ലെങ്കിൽ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

730 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ.കെ. വിജയൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ വിഭാഗത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഡ്രഗ്സ് കൺട്രോൾ ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എവിടെയെല്ലാം, സ്റ്റാഫുകളുടെ കുറവ്, വാഹന സൗകര്യം ഇല്ലായ്മ തുടങ്ങിയ കാര്യങ്ങൾ ഇത്തരം ലാബുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>അനധികൃത മരുന്ന് പരീക്ഷണം</u>

731 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വ്യാപകമായി അനധികൃത മരുന്ന് പരീക്ഷണം നടക്കുന്നതായി ഒരു സ്വകാര്യ ചാനലിന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ നിലവാരമില്ലാത്ത മരുന്നുകളുടെ വില്പന</u>

732 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരുന്നു ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്തതിനാൽ നിലവാരമില്ലാത്ത മരുന്നുകൾ വ്യാപകമായി വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതിന്റെ പുരോഗതിയെന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>അവശ്യമരുന്നുകളുടെ വിലവര്‍ദ്ധന</u>

733 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ വില വര്‍ദ്ധിക്കുന്നത് ശ്രദ്ധയീല്‍പ്പെട്ടിട്ടുണ്ടോ;

(ബി) ജീവന്‍രക്ഷാ മരുന്നുകള്‍ക്കും, വേദന സംഹാരികള്‍ക്കും മരുന്ന് നിര്‍മ്മാണ ഏജന്‍സികള്‍, ഒക്ടോബര്‍ 14 മുതല്‍ 10-50% വരെ വില വര്‍ദ്ധിപ്പിച്ചത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവണതയ്ക്ക് എതിരെ സര്‍ക്കാര്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മരുന്നുകളുടെ വില ഉയര്‍ത്തുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്തെല്ലാമാണ്;

(ഇ) പ്രസ്തുത മാനദണ്ഡങ്ങള്‍ പാലിക്കാതെ വീഴ്ച വരുത്തുന്ന മരുന്ന് കമ്പനികള്‍ക്ക് എതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നത്;

(എഫ്) അവശ്യമരുന്നുകള്‍ കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

734 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുളളിൽ എത്ര ബാച്ച് മരുന്നുകൾ വിപണിയിലെത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എത്ര ലബോറട്ടറികളാണ് നിലവിലുളളതെന്നും ഇതിൽ പ്രതിവർഷം എത്ര ബാച്ച് മരുന്നുകൾ ഗുണനിലവാര പരിശോധനയക്ക് വിധേയമാക്കാമെന്നും വെളിപ്പെടുത്തുമോ;

(ഡി) വിപണിയിൽ ഇറങ്ങുന്ന മരുന്നുകളുടെ വർദ്ധനക്കനുസരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് ലബോറട്ടറികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജെനറിക് മെഡിസിൻ സൗജന്യ വിതരണ പദ്ധതി</u>

735 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നവംബർ 1 മുതൽ നടപ്പിലാക്കിയ ജെനറിക് മെഡിസിൻ സൗജന്യവിതരണ പദ്ധതിയിൽ ആവശ്യത്തിന് മരുന്ന് ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഔഷധങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(സി) ഏത് ഏജൻസി വഴിയാണ് മരുന്നുകൾ ആശുപത്രികളിൽ എത്തിക്കുന്നത് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ചെലവുകുറഞ്ഞതും ഗുണപ്രദവുമായ ചികിത്സാ രീതികൾ</u>

736 ശ്രീ. പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത ചികിത്സാ രീതികൾ ഏകോപിപ്പിച്ച് ജനങ്ങൾക്ക് ചെലവുകുറഞ്ഞതും ഗുണപ്രദവുമായ ചികിത്സ ലഭ്യമാക്കുന്നതിന് വിദേശരാജ്യങ്ങളിൽ നിലവിലുള്ള രീതിയിൽ ഒരു ഹോളിസ്റ്റിക് സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ചില പ്രത്യേക രോഗങ്ങൾക്ക് കൂടുതൽ ഫലപ്രദമായ ചികിത്സ നിലവിലുള്ളതും, കുറഞ്ഞ ചികിത്സാ ചെലവുള്ളതുമായ ചികിത്സാ രീതി സാധാരണക്കാരുടെ ചികിത്സയിൽ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

പി.എച്ച്.സി ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളായി ഉയർത്തുന്ന നടപടി

737 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യ കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പി.എച്ച്.സി.കളെ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന ഡിസ്പെൻസറികളായി ഉയർത്തി ഉത്തരവിറക്കിയിരുന്നുവോ;

(ബി) എങ്കിൽ ഇത് സംബന്ധമായി പുറത്തിറക്കിയ ജി.ഒ (എം.എസ്)നം.568/08/എച്ച്&എഫ്.ഡബ്ല്യു.ഡി തീയതി 6.11.2008, ജി.ഒ(എം.എസ്)നം.53/09/എച്ച്&എഫ്.ഡബ്ല്യു.ഡി തീയതി 26.02.2009 എന്നീ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഇങ്ങനെ സ്റ്റാൻഡഡൈസ് ചെയ്ത ആരോഗ്യകേന്ദ്രങ്ങൾ ഉത്തരവ് പ്രകാരം പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) 24X7 പി.എച്ച്.സി യായി ഇവ എന്ന് പ്രവർത്തിച്ചു തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജെനറിക് മരുന്നുകളുടെ ഗുണനിലവാരം</u>

738 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ജെനറിക് മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഗുണനിലവാരം പരിശോധിക്കുന്നത്;

(ബി) 2012-13 സാമ്പത്തികവർഷത്തിൽ എത്രമാത്രം ഗുണനിലവാര പരിശോധന നടന്നിട്ടുണ്ട്;

(സി) ഏതെല്ലാം മരുന്നുകളാണ് ഗുണനിലവാരം ഇല്ലായെന്ന് കണ്ടെത്തിയിട്ടുള്ളത് ; അവയുടെമേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

(ഡി)

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

739 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമലയിൽ എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ വർഷത്തെ മണ്ഡലകാല തീർത്ഥാടനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) തീർത്ഥാടന കാലത്ത് സുരക്ഷ ഉറപ്പാക്കുന്നതിന് 'സേഫ്റ്റി മാന്വൽ' പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്കൂൾ ഉച്ചഭക്ഷണശാലകളിൽ ആരോഗ്യവകുപ്പിന്റെ പരിശോധന</u>

740 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് സ്കൂൾ ഉച്ചഭക്ഷണശാലകൾ പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം നല്കാമോ ;

(ബി) ഉച്ചഭക്ഷണശാലകളിലെ ശുചിത്വം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ എന്തെല്ലാം; ഇവിടെ സൂക്ഷിക്കുന്ന പാചകം ചെയ്യാത്ത ഭക്ഷ്യവസ്തുക്കളുടെ ശേഖരത്തിൽ മാലിന്യങ്ങളോ, വിഷ വസ്തുക്കളോ കണ്ടെത്തിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഉപയോഗയോഗ്യമല്ലാത്തതും ചീഞ്ഞതുമായ ഭക്ഷ്യവസ്തുക്കൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; കണ്ടെത്തിയ ക്രമക്കേടുകൾക്കും അപാകതകൾക്കുമെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) സ്കൂൾ ഉച്ചഭക്ഷണശാലകളിൽ ആരോഗ്യവകുപ്പിന്റെ പീരിയോഡിക്കൽ ഇൻസ്പെക്ഷൻ നടത്താൻ ആവശ്യമായ നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യം</u>

741 ശ്രീ. സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്
,, റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളെ റഫറൽ സംവിധാനത്തിൻകീഴിലാക്കിയതുമൂലം പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിന് താലൂക്ക് ആശുപത്രികൾ സി.എച്ച്.സി.കൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ എന്തെല്ലാം ആധുനിക സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ആശുപത്രികളിലും ആവശ്യത്തിന് ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വരുമാനം കുറഞ്ഞവർക്കുള്ള ചികിത്സ</u>

742 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ.കാരെ നിശ്ചയിച്ചതിലുള്ള അപാകതകൾ മൂലം എ.പി.എൽ. വിഭാഗത്തിൽപ്പെട്ടുപോയവർ, ആശുപത്രിയിൽ ചികിത്സയ്ക്കെത്തുമ്പോൾ അനുഭവിക്കേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതു പരിഹരിച്ച് താഴ്ന്നവരുമാനക്കാരായവർക്ക് സൗജന്യചികിത്സ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്കാനിംഗ്, ലബോറട്ടറി പരിശോധനകൾ, വിലകൂടിയ മരുന്നുകൾ എന്നിവയുടെ കാര്യത്തിൽ കുറഞ്ഞ വരുമാനക്കാരെങ്കിലും ബി.പി.എൽ. കാർഡ് നേടാനാവാത്തവർക്ക് സൗജന്യമായോ നാമമാത്ര തുക നല്കിയോ അവശ്യ സേവനം ഉറപ്പുവരുത്താൻ വേണ്ട നിർദ്ദേശം നല്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി</u>

743 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഫുഡ് അനലിറ്റിക്കൽ ലാബുകളാണ് ഗവൺമെന്റ്/പ്രൈവറ്റ് മേഖലയിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ലാബുകൾക്കാണ് എൻ.എ.ബി.എൽ അക്രിഡിറ്റേഷനോ സെൻട്രൽ ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ അക്രഡിറ്റേഷനോ ലഭിച്ചിട്ടുളളത്;

(സി) സംസ്ഥാനത്ത് ലഭിക്കുന്ന കുപ്പിവെളളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുളളതെന്ന് വ്യക്തമാക്കുമോ; ഇതിനായി പീരിയോഡിക്കൽ പരിശോധന ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) കുപ്പിവെളളം ശേഖരിക്കുന്ന ഉറവിടം പരിശോധിക്കാനും കീടനാശിനിപോലുളള പദാർത്ഥങ്ങൾ അതിൽ അടങ്ങിയിട്ടില്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ആയതിലേക്കുളള സത്വര നടപടി കൈക്കൊളളുമോ; എല്ലാ കുപ്പിവെളളത്തിന്റെയും സ്രോതസ്സ് പരിശോധിക്കാനും കീടനാശിനിയുടെ അംശം ഇല്ലെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആയുർവേദ മരുന്ന് നിർമ്മാണ ലൈസൻസ്</u>

744 ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകൾ നിർമ്മിച്ച് വിതരണം നടത്തുന്നതിന് സർക്കാർ ലൈസൻസ് നൽകി വരുന്നുണ്ടോ ;

(ബി) നിലവിൽ ആയുർവേദ മരുന്ന് നിർമ്മാണ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത് സംബന്ധമായ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ആയുർവേദ മരുന്നുനിർമ്മാണ രംഗത്തെ വ്യാജൻമാരെ കണ്ടെത്തി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആയൂർവേദ മരുന്നുകളുടെ അനിയന്ത്രിത വിലവർദ്ധന</u>

745 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയൂർവേദ മരുന്നുകളുടെ വില അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അരിഷ്ടം, കഷായം, ലേഹ്യം, കുഴമ്പുകൾ, എണ്ണകൾ തുടങ്ങി സാധാരണക്കാർ വ്യാപകമായി ഉപയോഗിക്കുന്ന അവശ്യ മരുന്നുകളുടെ വിലനിലവാരം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ആശുപത്രികളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനം</u>

746 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിലെ സ്പെഷ്യാലിറ്റി ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും വിവിധ സ്പെഷ്യാലിറ്റികളിൽ നിലവിലുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ആശുപത്രികളിലും അഡ്മിസ്ട്രേറ്റീവ് കേഡർ വിഭാഗത്തിലുള്ള ഒഴിവുകളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും സ്പെഷ്യാലിറ്റി ആശുപത്രികളിലും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഡി) ഈ തസ്തികകൾ പി.എസ്.സി. ക്കുറിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു തുടർ നടപടികളാണു സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് കാർഡ്</u>

747 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് കാർഡ് ഉപയോഗിച്ച് രോഗികൾക്ക് ലഭിക്കുന്ന സേവനങ്ങൾക്കും മരുന്നുകൾക്കും വ്യക്തമായ ഫീസും വിലയും കാണിക്കുന്ന ബില്ലുകൾ ആശുപത്രികൾ നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാധാരണക്കാരായ രോഗികളും ഒപ്പം സർക്കാരിന്റെ ഖജനാവും ഇതിലൂടെ വൻ അഴിമതിക്ക് വിധേയമാകുകയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ ഇൻഷ്വറൻസ് കാർഡുകളിലൂടെ രോഗികൾക്ക് ലഭിക്കുന്ന ഓരോ സേവനത്തിനും മരുന്നിനും വ്യക്തമായ ബില്ലും കാർഡിലെ ബാലൻസ് തുകയും കൃത്യമായി രേഖപ്പെടുത്തി നൽകാൻ ആശുപത്രികൾക്ക് നിർദ്ദേശം നൽകുമോ;

(സി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും കമ്മീഷൻവാങ്ങി സാധാരണ രോഗങ്ങൾക്ക് പോലും ചെലവേറിയ മരുന്നുകളും ടെസ്റ്റുകളും അനാവശ്യമായി നിർദ്ദേശിക്കുന്ന നടപടി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തിരമായി അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ

748 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയൂർവേദ ആരോഗ്യകേന്ദ്രങ്ങൾ വർദ്ധിച്ചു വരുന്നതിനാൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അവയെ ഒരു പ്രത്യേക കൗൺസിലിന്റെ കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ആയൂർവേദ ആരോഗ്യകേന്ദ്രങ്ങളിലെ ചികിത്സാ സമ്പ്രദായം പരിശോധിക്കുന്നതിനായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അസ്വാഭാവിക മരണം

749 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന സർക്കാരിന് കീഴിലുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളിൽ എത്ര പേർ അസ്വാഭാവിക മരണത്തിന് വിധേയമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം മരണപ്പെട്ട ഓരോരുത്തരുടെയും വിശദാംശങ്ങളും മരണകാരണങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകാൻ നടപടി</u>

750 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളെ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൗൺസിൽ നിബന്ധന പ്രകാരം അക്രഡിറ്റേഷൻ ഉള്ളവയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ ഏതെല്ലാം ആശുപത്രികൾക്കാണ് അക്രഡിറ്റേഷൻ ഉള്ളത് ;

(സി) മറ്റ് ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

രോഗബാധിതർക്ക് ബി.പി.എൽ. കാർഡുകൾ

751 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ഹദ്രോഗം, ക്യാൻസർ എന്നിവ ബാധിച്ച രോഗികളുടെ പേരുൾപ്പെട്ട റേഷൻകാർഡുകൾ ബി.പി. എൽ. ആക്കി മാറ്റുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എ.പി. എൽ കാർഡുകൾ ബി.പി.എൽ ആക്കുന്നതിനുളള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ:

(സി) വൃക്കരോഗം, ഹൃദ്രോഗം ക്യാൻസർ എന്നിവ ബാധിച്ച രോഗികളുടെ ചികിത്സാ സർട്ടിഫിക്കറ്റുകൾ ഡോക്ടർമാർ നൽകിയിട്ടും ജില്ലാ കളക്ടർ, ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ തുടങ്ങിയവർ റേഷൻ കാർഡ് ബി.പി.എൽ. ആക്കിനൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതിക്കുമേൽ എന്ത് നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമാ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ചേര്‍ത്തല താലൂക്ക് ആശുപത്രിയില്‍
രോഗനിര്‍ണ്ണയ സംവിധാനം

752

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാന്‍സര്‍, കിഡ്നി രോഗങ്ങള്‍ എന്നിവ ഉണ്ടാകുന്നതിനുള്ള അടിസ്ഥാന കാരണങ്ങള്‍ കണ്ടുപിടിക്കാനും അവ ഒഴിവാക്കാന്‍ ജീവിത രീതിയില്‍ മാറ്റം വരുത്താന്‍ ജനങ്ങളെ ബോധവല്‍ക്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാന്‍ പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത രോഗങ്ങള്‍ കണ്ടുപിടിക്കാനുള്ള സംവിധാനങ്ങള്‍ എല്ലാ താലൂക്ക് ആശുപത്രികളിലും നടപ്പിലാക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) കാന്‍സര്‍, കിഡ്നി രോഗങ്ങള്‍, ഹൃദയസംബന്ധമായ അസുഖങ്ങള്‍ എന്നിവ കണ്ടുപിടിക്കാനുള്ള രോഗനിര്‍ണ്ണയ സംവിധാനങ്ങള്‍ ചേര്‍ത്തല താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ ആരംഭിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗികൾ</u>

753 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ക്യാൻസർ ചികിത്സക്കെത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് നിരീക്ഷിച്ചിട്ടുണ്ടോ;

(ബി) ജില്ലാ, ജനറൽ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

754 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്തുന്ന അന്യസംസ്ഥാന തൊഴിലാളികളിൽ നിന്ന് രോഗങ്ങൾ പടരാതിരിക്കുന്നതിനും അവർക്കിടയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രി ജീവനക്കാരുടെ മിനിമം വേതനം</u>

755 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന നഴ്സുമാർക്കും അനുബന്ധ ജോലിക്കാർക്കും അവർക്ക് അർഹതപ്പെട്ട മിനിമം വേതനം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) നിലവിൽ എല്ലാ സ്വകാര്യ ആശുപത്രിയിലെ ജീവനക്കാർക്കും മിനിമം വേതനം ലഭ്യമാണോ;

(സി) ഇല്ലെങ്കിൽ ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രിയിലെ സൗജന്യ മരുന്നുകൾ</u>

756 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എല്ലാ സർക്കാർ ആശുപത്രികളിലും ഇപ്പോൾ വേണ്ടത്ര മരുന്നുകൾ ലഭ്യമാക്കുന്നുണ്ടോ;

(സി) എല്ലാ സർക്കാർ ആശുപത്രികളിലും ഇപ്പോൾ ഡയാലിസിസ് സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉടൻ നടപ്പിലാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

താലൂക്ക് ആശുപത്രികളിൽ ലാബ് സൗകര്യം

757 ശ്രീ. സി.എഫ്. തോമസ്
" റ്റി.യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും നിലവിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ലബോറട്ടറിയിലെ പരിശോധനാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവയെ നവീകരിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>ആശുപത്രി ജീവനക്കാരുടെ അപര്യാപ്തത</u>

758 ശ്രീ. വി. ചെന്താമരാക്ഷന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
ശ്രീമതി കെ. കെ. ലതിക
ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡോക്ടര്‍മാരുടെയും മറ്റ് ജീവനക്കാരുടെയും അഭാവം കാരണം മെഡിക്കല്‍ കോളേജുള്‍പ്പെടെയുള്ള ആശുപത്രികളുടെ പ്രവര്‍ത്തനം പ്രതിസന്ധിലായത് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) പ്രശ്നപരിഹാരത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഡോക്ടര്‍മാരുടെ അഭാവം ഗുരുതരമായിരിക്കുമ്പോഴും ഡോക്ടര്‍മാര്‍ക്ക് കൂട്ടത്തോടെ അവധി അനുവദിച്ച സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ ക്ഷാമം</u>

759 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുന്നതിൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ വിഷയം പരിഹരിക്കുന്നതിന് മെഡിക്കൽ സയൻസിൽ മൂന്നര വർഷംകൊണ്ട് ലഭിക്കുന്ന ബിരുദം നൽകുവാൻ ഉദ്ദേശിച്ച് കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന പദ്ധതി സംസ്ഥാനത്ത് അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മരുന്നുകള്‍ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതികള്‍</u>

760 ശ്രീ. സണ്ണി ജോസഫ്
'' എം. എ. വാഹിദ്
'' ഷാഫി പറമ്പില്‍
'' വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മരുന്നുകള്‍ രോഗികളുടെ വീട്ടിലെത്തിക്കുന്ന പദ്ധതിയ്ക്ക് രൂപം നല്‍കിയിട്ടുണ്ടോ ;

(ബി) ആരുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനരീതിയും ; വിശദമാക്കുമോ ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ഫാമിലി കാര്‍ഡും ഡിസ്കൗണ്ട് കം ലോയല്‍റ്റി കാര്‍ഡും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി</u>

761 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയിൽ പി.എച്ച്.സി യിലും സബ്സെന്ററിലും എന്തൊക്കെ സേവനങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സബ് സെന്ററിൽ നിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

'സ്ക്രബ് ടൈഫസ്' പനി

762 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സ്ക്രബ് ടൈഫസ്' പനി കേരളത്തിൽ എതെങ്കിലും ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ജില്ലതിരിച്ചുള്ള വിവരം നൽകുമോ;

(ബി) ഇത് പടർന്നു പിടിക്കുന്നത് തടയാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാർ ആശുപത്രികളിലെ നേഴ്സുമാരുടെ നിയമനം</u>

763 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആശുപത്രികളിൽ നേഴ്സുമാരുടെ കുറവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010 ഏപ്രിൽ മുതൽ 2011 ഏപ്രിൽ വരെ എത്ര നേഴ്സുമാരെ നിയമിച്ചിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്താകെ നേഴ്സുമാരുടെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുളളത്?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

764

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഡ്രഗ്സ് കൺട്രോൾ ബോർഡിന്റെ പിടിപ്പുകേടുകൊണ്ട് ആരോഗ്യരംഗത്തുണ്ടാകുന്ന ക്രമക്കേടുകളും അഴിമതിയും കണ്ടെത്തുന്നതിന് നിലവിൽ എന്തു സംവിധാനമാണുള്ളത്;

(സി) മരുന്നു വിതരണം, പരിശോധന, മെഡിക്കൽ സ്റ്റോറുകൾക്കും മരുന്നു കമ്പനികൾക്കും ലൈസൻസ് നൽകുന്നതിൽ വൻ അഴിമതി നടക്കുന്നതായ ആക്ഷേപം എന്നിവ പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

## കെ.എച്ച്.ആർ.ഡബ്ല്യു. സൊസൈറ്റിയുടെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ വേതനഘടന

765

**ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിനു കീഴിലുള്ള കെ.എച്ച്.ആർ.ഡബ്ല്യു. സൊസൈറ്റിയുടെ കീഴിൽ പേ വാർഡുകളിൽ ജോലി ചെയ്യുന്ന നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ വേതനഘടനയെന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗം ജീവനക്കാരുടെ വേതനം ഏറ്റവും ഒടുവിൽ പരിഷ്ക്കരിച്ചത് ഏത് ഉത്തരവ് മുഖേനയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വേതനം ഉത്തരവ് തീയതി മുതൽ അവർക്കു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഉത്തരവു തീയതി മുതൽ അവർക്കു ലഭിക്കുവാൻ അർഹതപ്പെട്ട വേതനം കുടിശ്ശികയടക്കം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെ.എച്ച്.ആർ.ഡബ്ല്യു. സൊസൈറ്റിയ്ക്കു കീഴിലെ നഴ്സിംഗ് വിഭാഗത്തിൽപ്പെട്ട ദിവസവേതനത്തിനു ജോലി ചെയ്യുന്നവരുടെ വേതനം പ്രതിദിനം മിനിമം 500 രൂപയെങ്കിലും ആയി ഉയർത്തുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ഹോമിയോ മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകൾ

766 ശ്രീ. എം. വി ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട് എന്നതിന്റെ ജില്ലാതല കണക്ക് ലഭ്യമാക്കുമോ;

(ബി) സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; ഇതുവരെ എത്രയെണ്ണം ആരംഭിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) 20-10-2012-ലെ ജി. ഒ. (ആർ. റ്റി) നം.3503/ 12/ എച്ച്. എഫ്. ഡബ്ല്യു.ഡി എന്ന പ്രമോഷൻ ഉത്തരവു പ്രകാരം എത്ര വേക്കൻസികൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും ആയത് പി. എസ്. സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഹോമിയോ മെഡിക്കൽ ഓഫീസർമാർ ദീർഘകാല അവധിയിൽ പ്രവേശിച്ചിരിക്കുന്നതുമൂലം എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ നിയമനം

767 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിൻ കീഴിൽ വിവിധ വിഭാഗങ്ങളിലായി നിലവിലുള്ള ഡോക്ടർമാരുടെ തസ്തികകളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഏതെല്ലാം വിഭാഗത്തിൽ എത്ര ഡോക്ടർമാർ വീതം ഇപ്പോൾ ജോലി ചെയ്തു വരുന്നുണ്ട് ; ഓരോ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകൾ എത്ര ;

(സി) 2013 മാർച്ചിൽ റിട്ടയർ ചെയ്യുന്ന ഡോക്ടർമാർ ഓരോ വിഭാഗത്തിലും എത്ര വീതമുണ്ട് ; വിശദമാക്കാമോ ;

(ഡി) ഓരോ വിഭാഗത്തിലും ആവശ്യമായിട്ടുള്ള ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാരുണ്യാ ഫാർമസി സെന്ററുകൾ</u>

768 ശ്രീ. വി. ഡി. സതീശൻ
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ഫാർമസി സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം തരം ആശുപത്രികളിലാണ് ഈ സെന്ററുകൾ പ്രവർത്തിക്കുന്നത് ;

(സി) ഈ സെന്ററുകൾ വഴി എത്ര ശതമാനം വിലക്കുറവിലാണ് മരുന്നുകൾ വിൽക്കുന്നത് ;

(ഡി) ആരുടെ നേതൃത്വത്തിലാണ് ഇത്തരം ഫാർമസികൾ പ്രവർത്തിക്കുന്നത് ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

**കാരുണ്യ ഫാർമസിയിലെ ക്യാൻസർ മരുന്നുകളുടെ സ്റ്റോക്ക്**

769 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫാർമസികളിൽ ക്യാൻസർ മരുന്നുകളുടെ സ്റ്റോക്ക് ഇപ്പോൾ എപ്രകാരമാണുള്ളത് ;

(ബി) സ്റ്റോക്ക് ഉണ്ടെങ്കിലും എന്തുകൊണ്ടാണ് ചില ഡോക്ടർമാർ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വിലകൂടിയ ക്യാൻസർ മരുന്നു വാങ്ങാൻ രോഗികളെ പ്രേരിപ്പിക്കുന്നത് ; ഇത്തരത്തിൽ നടക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാനും നടപടി സ്വീകരിക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ ക്യാൻസർ കെയർ പദ്ധതി നടത്തിപ്പ് മന്ദീഭവിച്ച നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി എത്ര കോടി രൂപ അനുവദിച്ചു ; ആയതിൽ നിന്നും നവംബർ 30 വരെ എത്ര രൂപ ആരോഗ്യ വകുപ്പ് ചെലവഴിച്ചു ; നടപ്പു വർഷം എട്ട്മാസം പിന്നിട്ടിട്ടും പകുതി തുക പോലും ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അവയവദാന ചട്ടങ്ങൾ</u>

770 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള അവയവദാന ചട്ടങ്ങൾ അനുസരിച്ച് അവയവദാനം ചെയ്യാൻ ഉദ്ദേശിക്കുന്ന വ്യക്തികൾക്ക് പോലും അവയവദാനം നടത്താൻ സാധിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള അവയവദാന ചട്ടങ്ങൾ പരിഷ്ക്കരിയ്ക്കുന്ന കാര്യം സർക്കാർ പരിഗണിയ്ക്കുമോ; എങ്കിൽ ഏതെല്ലാം ചട്ടങ്ങളിലാണ് മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളുടെ പരിധിയിൽ അനധികൃത</u>
<u>പുകയില കച്ചവടം നടത്തുന്ന നടപടി</u>

771 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളുടെ 400 മീറ്റർ പരിധിയിൽ പുകയില കച്ചവടം പാടില്ലെന്ന സർക്കുലർ തദ്ദേശസ്വയംഭരണ വകുപ്പ് പിൻവലിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ആരോഗ്യവകുപ്പ് പുറത്തിറക്കിയ 400 മീറ്റർ ദൂരപരിധി എന്ന ഉത്തരവ് പുനഃസ്ഥാപിച്ചിട്ടുണ്ടോ ;

(സി) വിദ്യാലയങ്ങളുടെ പരിധിയിൽ പുകയില കച്ചവടം നിരോധിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ അമിത ചികിത്സാ ചെലവ്</u>

772 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്വകാര്യാശുപത്രികളിലും രോഗികളിൽ നിന്നും അമിതമായി ചികിത്സാ ചെലവുകൾ ഈടാക്കിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിശോധിക്കുന്നതിന് ആരോഗ്യവകുപ്പിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

അവശ്യമരുന്നുകളുടെ വിലനിയന്ത്രണം

773 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവശ്യമരുന്നുകളുടെ വില ക്രമാതീതമായി വർദ്ധിയ്ക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ വിലനിയന്ത്രണം നടത്തുന്ന മരുന്നുകൾ മാർക്കറ്റിൽ നിന്നും മാറ്റി പുതിയ പേരിൽ അതേ മരുന്നുകൾ വിപണിയിൽ ഇറക്കുന്ന കമ്പനികളുടെ കൃത്രിമം തടയുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങള്‍</u>

774 ശ്രീ. കെ.എന്‍.എ. ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ മതിയായ ചികിത്സാ സൗകര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഏര്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) ആശുപത്രികളില്‍ പേവാര്‍ഡുകളിലെ ശുചീകരണ പ്രവര്‍ത്തനങ്ങള്‍ക്കും ജലസേചന സൗകര്യം സുഗമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

എൻഡോസൽഫാൻ ബാധിത പ്രദേശങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

775 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 'എൻഡോസൽഫാൻ' ബാധിത പ്രദേശങ്ങളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളാണെന്നും വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>ഡെങ്കിപ്പനി, എലിപ്പനി, പക്ഷിപ്പനി എന്നിവ ബാധിച്ച് മരണപ്പെട്ടവർ</u>

776 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെങ്കിപ്പനി, എലിപ്പനി, പക്ഷിപ്പനി എന്നിവ ബാധിച്ച് എത്രപേർ മരണപ്പെട്ടിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം</u>

777 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിലേക്ക് (എൻ. ആർ. എച്ച്. എം.) സംസ്ഥാന വിഹിതം നൽകാത്തതിനാൽ നടപ്പുവർഷം എത്ര കോടി രൂപയുടെ കേന്ദ്ര ഫണ്ടാണ് തടഞ്ഞുവച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഫണ്ട് കിട്ടാത്തതു കാരണം 'ആശ' വർക്കർമാർക്കും, ആശുപത്രികളിലെ ദിവസവേതനക്കാർക്കും ശമ്പളം കൊടുക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) എൻ. ആർ. എച്ച്. എം. മുഖേന എത്ര കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ചെലവഴിക്കേണ്ടത്; അതിൽ സംസ്ഥാന വിഹിതം എത്ര; ആദ്യ ഗഡുവായി എത്ര കോടി രൂപയാണ് സംസ്ഥാനം നൽകേണ്ടത്; വിശദമാക്കുമോ;

(ഡി) ആരോഗ്യമേഖലയിൽ എൻ. ആർ. എച്ച്. എം. മുഖേന നടപ്പാക്കേണ്ട പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ കേന്ദ്രം അനുവദിച്ചു;

(ഇ) എൻ. ആർ. എച്ച്. എം. ഫണ്ട് മുഖേന നടപ്പിലാക്കി വരുന്ന ആരോഗ്യ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജനറിക് മരുന്നുകളുടെ വിതരണം</u>

778 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒരു വർഷം എത്ര കോടി രൂപയുടെ മരുന്നുകൾ വേണ്ടിവരും;

(ബി) ജനറിക് മരുന്നുകൾക്ക് വേണ്ടിവരുന്ന മൊത്തം തുക എത്ര; അല്ലാത്തവയ്ക്ക് വേണ്ടിവരുന്ന തുക എത്ര;

(സി) ജനറിക് മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിന് ഒരു വർഷം എന്ത് തുക വേണ്ടി വരും;

(ഡി) ഈ ആവശ്യത്തിലേക്ക് എന്ത് തുക അനുവദിച്ചിട്ടുണ്ട്; ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക എത്ര;

(ഇ) ജനറിക് മരുന്നുകളുടെ എണ്ണം എത്രയാണ്; ഇവയിൽ സർക്കാർ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നവയുടെ എണ്ണം എത്ര;

(എഫ്) സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികൾ നിലവിലുണ്ട്; ഈ പദ്ധതി ഇപ്പോഴും നടപ്പിലാക്കിയിട്ടില്ലാത്ത ആശുപത്രികളുടെ എണ്ണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഗുണനിലവാരമില്ലാത്തതും കാലാവധികഴിഞ്ഞതുമായ മരുന്നുകൾ</u>

779 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ വിപണിയിൽ തുടരുന്നതായ പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലാവധി കഴിഞ്ഞ മരുന്നുകളെ വില്പന നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഡ്രഗ്സ് കൺട്രോൾ വകുപ്പ് മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ ; ഇല്ലെങ്കിൽ മരുന്നുകൾ വിപണിയിൽ ഇറങ്ങുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മെഡിക്കൽ പി. ജി. പ്രവേശന പരീക്ഷ</u>
<u>തെറ്റായ ഉത്തരസൂചിക സംബന്ധിച്ച അന്വേഷണം</u>

780

ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ മെഡിക്കൽ പി. ജി. പ്രവേശന പരീക്ഷയിൽ തെറ്റായ ഉത്തര സൂചികയുള്ള 26 ചോദ്യങ്ങൾ ഉൾപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച കേസിൽ സർക്കാർ സത്യവാങ്മൂലം നൽകാതെ ഒത്തുകളിക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) വിദഗ്ദ്ധ സമിതി എത്ര ചോദ്യങ്ങളാണ് തെറ്റാണെന്ന് തിരിച്ചറിഞ്ഞത്; ഇതു സംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

തിരുവനന്തപുരം ജില്ലയിലെ അക്രെഡിറ്റേഷൻ ഉള്ള ആശുപത്രികൾ

781 ശ്രീ. വി. ശശി.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൗൺസിൽ നിബന്ധന പ്രകാരം അക്രെഡിറ്റേഷൻ ഉള്ള എത്ര ആശുപത്രികൾ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്നു ; അവ ഏതെല്ലാം ;

(ബി) മറ്റ് ആശുപത്രികൾക്ക് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് നടപ്പാക്കിയിട്ടുള്ള പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തിയ അവയവദാന പരിപാടികൾ

782 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടത്തിയ അവയവദാന പരിപാടിയുടെ ഫലമായി എത്രപേർ നേത്രദാന സമ്മതപത്രം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ജില്ലകളിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര നേത്രദാനം നടന്നിട്ടുണ്ട് ;

(സി) ജില്ലകളിൽ നേത്ര ബാങ്ക് സൗകര്യം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർകോട് ജില്ല- ഹോമിയോ ആശുപത്രികൾ</u>

783 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരമേറ്റ ശേഷം എത്ര ഹോമിയോ ആശുപത്രികൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) കാസർകോട് ജില്ലയിൽ ഹോമിയോ ആശുപത്രികൾ പുതുതായി അനുവദിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ കമ്മ്യൂണിറ്റി സെന്റർ</u>

784 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ കമ്മ്യൂണിറ്റി സെന്ററിൽ ആവശ്യത്തിന് ഡോക്ടർമാരും നഴ്സുമാരും സാനിട്ടറി വർക്കർമാരും ഇല്ലെന്നുള്ള കാര്യവും കെട്ടിടത്തിന്റെ സീലിംഗും മറ്റും പൊളിഞ്ഞു വീഴുന്നുവെന്ന കാര്യവും സൂചിപ്പിച്ചുകൊണ്ട് പഞ്ചായത്ത് നിവാസികൾ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം</u>

785 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടം പണിയും അനുബന്ധപ്രവർത്തികളുമായി ബന്ധപ്പെട്ട ഇ2/43986/2011 നമ്പർ ഫയലിൽ എന്തൊക്കെ നടപടി സ്വീകരിച്ചു;

(ബി) കുറുവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിടം പണിയുമായി ബന്ധപ്പെട്ട ഡിറ്റെയിൽഡ് പ്രൊപ്പോസൽ ഡി.എച്ച്.എസ് ൽ നിന്നും ലഭിച്ചോ; ഇല്ലെങ്കിൽ എന്ന് സമർപ്പിക്കും എന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് ലഭ്യമാക്കുവാൻ ഉണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഡിറ്റെയിൽഡ് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഹോമിയോ മെഡിക്കൽ ഓഫീസർമാർ

786 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ മെഡിക്കൽ ഓഫീസർമാരാണ് ദിവസ/താൽക്കാലിക വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസ/താൽക്കാലിക വേതാനാടിസ്ഥാനത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകാതെ ദിവസ/താൽക്കാലിക വേതാനാടിസ്ഥാനത്തിൽ നിയമനം നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കോഴിക്കോട് ശ്രീവള്ളിക്കാട്ട് കാവ് ക്ഷേത്ര പുനരുദ്ധാരണം

787

ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എടക്കര ശ്രീവള്ളിക്കാട്ട് കാവ് ക്ഷേത്ര പുനരുദ്ധാരണത്തിന് മലബാർ ദേവസ്വം ബോർഡ് ഇരുപത് ലക്ഷം രൂപ അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബോർഡ് തീരുമാനത്തിന് അടിയന്തിരമായി അംഗീകാരം നൽകുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലയിലെ പി.എച്ച്.സി.കൾ</u>

788 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾക്ക് പി.എച്ച്.സി. കൾ അനുവദിച്ചിട്ടുണ്ട്; ഇതിൽ ഏതെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ നഗരൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(സി) എങ്കിൽ ഇത് പ്രവർത്തനമാരംഭിക്കുവാനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജെ. പി. എച്ച്. എൻ. റാങ്ക് ലിസ്റ്റ്</u>

789

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ജെ. പി. എച്ച്. എൻ. ഗ്രേഡ് II റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു ;

(ബി) 2012-2013 സാമ്പത്തിക വർഷം എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) 2012-13 ലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തോ; എന്നാണ് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) 2012-13 സാമ്പത്തിക വർഷം ഏതൊക്കെ പി.എച്ച്.സി.യി. ൽ ജെ. പി. എച്ച്. എൻ. ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പുറക്കാട്ടിരിയിലെ ആയൂർവ്വേദ ആശുപത്രി</u>

790 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പുറക്കാട്ടിരിയിൽ കെ.എച്ച്.ആർ.ഡബ്ല്യൂ.എസിന്റെ കീഴിലുള്ള ആയൂർവ്വേദ ഹെൽത്ത് റിസോർട്ട് ആയൂർവ്വേദ ആശുപത്രിയാക്കുന്നതിനായി ഭാരതീയ ചികിത്സാ വകുപ്പിന് കൈമാറിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ</u>

791 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മത്സ്യതൊഴിലാളികൾ തിങ്ങി പാർക്കുന്ന പ്രദേശത്താണ് സ്ഥിതിചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഗൈനക്കോളജിസ്റ്റോ, പീടിയാട്രീഷ്യനോ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനറേറ്ററും ഓപ്പറേഷൻ തിയറ്ററുമടക്കം എല്ലാ സൗകര്യങ്ങളും അവിടെ നിലവിലുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവിടെ ഒരു ഗൈനക്കോളജിസ്റ്റിനെ ഡോക്ടറെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

കൊല്ലങ്കോട് പി. എച്ച്. സി.യെ സി. എച്ച് സി.യായി ഉയർത്തുവാൻ നടപടി

792 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് പി. എച്ച്. സി.യെ സി. എച്ച്. സി. യാക്കുന്നത് സംബന്ധിച്ച് നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) അതിനായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കേണ്ടതെന്നും, അവ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ

793 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ, ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന ഏതെല്ലാം സർക്കാർ ആശുപത്രികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(സി) നെന്മാറ സി. എച്ച്. സി. യിൽ ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ജാൻസിയുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ</u>

794 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം നോർത്ത് പി.എച്ച്.സി യിലെ എൽ.എച്ച്.ഐ, (പി.എച്ച്.എൻ) ആയ ശ്രീമതി. വി.എൻ. ജാൻസിയുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എന്നാണ് ഈ അപേക്ഷ ലഭിച്ചത് ; ഇതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) മെഡിക്കൽ റീഇംബേഴ്സ്മെന്റ് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ സാംക്രമികരോഗങ്ങൾക്കെതിരെ</u>
<u>യുള്ള പ്രതിരോധപ്രവർത്തനം</u>

795 ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12-ൽ സാംക്രമികരോഗങ്ങൾ ബാധിച്ച് കാസർഗോഡ് ജില്ലയിൽ എത്രപേർ മരിച്ചിട്ടുണ്ടെന്ന തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇത് ഒഴിവാക്കുന്നതിന് ജില്ലയിൽ സ്വീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>അനധികൃത ദന്താശുപത്രികൾ</u>

796 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരസ്യം നൽകി അനധികൃത ദന്താശുപത്രികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്കാവശ്യമായ മരുന്നുകൾ

797 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ, ആവശ്യമായ മരുന്നുകൾ മെഡിക്കൽ കോർപ്പറേഷനിൽ നിന്നുമെടുത്ത് രോഗികൾക്ക് നൽകാതെ, പുറത്ത് നിന്നും വാങ്ങുവാൻ കുറിപ്പ് എഴുതി കൊടുക്കുന്നതായ എം.എൽ.എ.മാരിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശവും സ്വീകരിച്ച നടപടിയും എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>മരുമല പി.എച്ച്.സി. കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കാൻ നടപടി</u>

798

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പെരുവയൽ പഞ്ചായത്തിൽ മരുമലയിലുള്ള കൊണാറമ്പ് പി.എച്ച്.സി. കെട്ടിടങ്ങളും, സ്റ്റാഫ് ക്വാർട്ടേഴ്സും ഒഴിഞ്ഞു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുമ്പ് ഈ കെട്ടിടത്തിൽ ചികിത്സാ സൗകര്യം ഉണ്ടായിരുന്നുവോ;

(സി) ഇവിടെ ഡോക്ടറെ നിയമിച്ച് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താൻ പദ്ധതി തയ്യാറാക്കുമോ;

(ഡി) ഇവിടെ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം ആരുടെ കൈവശത്തിലാണ്; ഇതു സംരക്ഷിക്കേണ്ട ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പുവർ</u>

799 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് ടു പുവർ' വഴി എന്തു തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത കാലയളവിൽ സഹായം ലഭിച്ച കൊല്ലംജില്ലയിൽപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം രോഗങ്ങളുടെ ചികിത്സയ്ക്ക് പ്രസ്തുത പദ്ധതി പ്രകാരം സഹായം ലഭ്യമാക്കും ; പരമാവധി അനുവദിക്കുന്ന തുകയും അതിനുള്ള നിലവിലെ മാനദണ്ഡങ്ങളും വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

തൃശ്ശൂർ മെഡിക്കൽ കോളേജ്, അനുബന്ധ ആശുപത്രികൾ എന്നിവിടങ്ങളിലെ ക്ലാസ് III, IV തസ്തികകൾ

800 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലും അനുബന്ധ ആശുപത്രികളിലുമായി എത്ര ക്ലാസ് III, ക്ലാസ് IV, തസ്തികകൾ നിലവിലുണ്ട്;

(ബി) എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(സി) ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ശാന്തിവിളയിലെ താലൂക്ക് ആശുപത്രി

801 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ശാന്തിവിളയിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആശുപത്രിയെ നൂറുകിടക്കകളുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് ആവശ്യമുള്ളത്ര ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ, അത്യാഹിത വിഭാഗം, പ്രസവ വിഭാഗം, ദന്തരോഗവിഭാഗം, കണ്ണുരോഗ വിഭാഗം, എല്ലുരോഗ വിഭാഗം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ആയുർവ്വേദ ആശുപത്രികളിൽ എച്ച്.ഡി. എസ്. രൂപീകരണം

802 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽ പൂജപ്പുരയിലെ പഞ്ചകർമ്മ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആയൂർവ്വേദ ആശുപത്രി എന്നിവയ്ക്ക് ആശുപത്രി വികസന സമിതി (എച്ച്.ഡി.എസ്.) കൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം</u>

803 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിനായി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഉടൻ നടപ്പാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിക്കുള്ള സ്റ്റാഫ് പാറ്റേൺ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

ആയുർവേദ കോളേജിലെ ബിരുദാനന്തര ബിരുദ സീറ്റുകൾ നഷ്ടപ്പെട്ട സാഹചര്യം

804 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആയുർവേദ കോളേജിൽ കൗമാരഭൃത്യ വിഭാഗത്തിൽ അഞ്ചും അഗദതന്ത്ര വിഭാഗത്തിൽ രണ്ടും ബിരുദാനന്തര ബിരുദ സീറ്റുകൾ നഷ്ടപ്പെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സീറ്റുകൾ പുന:സ്ഥാപിച്ചു കിട്ടുന്നതിന് എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിന് എൻ.ആർ.എച്ച്.എം. ഫണ്ട്</u>

805 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിയുടേയും വിശദാംശവും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കല്ല്യാശ്ശേരി മണ്ഡലത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ

806 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി, സി.എച്ച്.സി കളിലാണ് ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പഴയങ്ങാടി താലൂക്കാശുപത്രിയിൽ എത്ര ഡോക്ടർമാരുടെയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടേയും ഒഴിവുകളാണുള്ളത്; ഇവിടെ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഡോക്ടർമാരുടെ ഒഴിവ് നികത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്ക് ആശുപത്രിയിലെ ഒഴിഞ്ഞുകിടക്കുന്ന ഡോക്ടർ തസ്തികകൾ</u>

807 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക് ആശുപത്രിയിലെ സീനിയർ കൺസൾട്ടന്റ് തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആശുപത്രിയിൽ ഫിസിഷ്യൻ - ജൂനിയർ കൺസൾട്ടന്റ് തസ്തിക നിലവിലില്ലാത്തത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സീനിയർ കൺസൾട്ടന്റ് തസ്തിക നികത്തുന്നതിനും ജൂനിയർ കൺസൾട്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ പീഡിയാട്രിക്സ് വിഭാഗത്തിൽ ഉളള തസ്തികയിൽ നിന്ന് ഒരെണ്ണം ജൂനിയർ കൺസൾട്ടന്റ് - ജനറൽ മെഡിസിൻ ആക്കിമാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പരിയാരം ആയുർവ്വേദ കോളേജിലെ അനുബന്ധ പ്രവൃത്തികൾ</u>

808 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം ആയുർവ്വേദ കോളേജിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പരിയാരം ആയുർവ്വേദ കോളേജിലെ ബസ്സിന്റെ ഫിറ്റ്നസ് കാലാവധി അവസാനിച്ചതിനാൽ പുതിയ ബസ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ആരോഗ്യവകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ

809 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിനു കീഴിൽ ആകെ എത്ര ഡോക്ടർമാർ (അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി) സേവനമനുഷ്ഠിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ആകെ എത്ര ഒഴിവുകൾ നിലവിലുണ്ട് ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിലവിലുള്ള ഒഴിവുകൾ</u>

810 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയിൽ വിവിധ വിഭാഗങ്ങളിൽ നിലവിലുള്ള ഒഴിവുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഓരോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും ഒഴിവുകളുടെ വിവരം ലഭ്യമാക്കുമോ;

(സി) ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടോയെന്നും എന്തു തുടർനടപടികൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഒരു സ്പെഷ്യാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക ഒഴിഞ്ഞുകിടക്കുകയും നിയമനം നൽകുവാൻ ആ വിഭാഗത്തിൽപ്പെട്ടവർ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ പ്രസ്തുത തസ്തികയിലേക്ക് സാധാരണ മെഡിക്കൽ ഓഫീസറെ സൂപ്പർ ന്യൂമററിയായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

എ. സി. ആർ. ലാബുകളിലെ പാരാമെഡിക്കൽ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ

811 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. സി. ആർ. ലാബുകളിലെ പാരാമെഡിക്കൽ ജീവനക്കാരിൽ ഓരോ വിഭാഗത്തിലുംപെട്ടവരുടെ വേതനഘടനയെന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗം ജീവനക്കാരുടെ വേതനം ഏറ്റവും ഒടുവിൽ പരിഷ്ക്കരിച്ചതെപ്പോഴാണെന്നു വ്യക്തമാക്കുമോ;

(സി) ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ഓരോ വിഭാഗത്തിലുംപെട്ടവർക്ക് നൽകുന്ന ദിവസവേതനം എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് മിനിമം വേതനം ലഭ്യമാക്കുവാൻ എന്തു നടപടിയാണു സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സി. എച്ച്. സി. പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ</u>

812 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള കൊയിലാണ്ടി, തിരുവള്ളൂർ, മേലടി സി. എച്ച്. സി.കളിൽ, സി. എച്ച്. സി. പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിനായി സർവ്വെ റിപ്പോർട്ട്/ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചു എന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>വല്ലച്ചിറ പി.എച്ച്.സി. യിലെ ഐ.പി. സംവിധാനം</u>

813 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ-പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ പി.എച്ച്.സി. യിൽ ഐ.പി. ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഐ.പി. തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ എന്താണെന്ന് വിശദമാക്കാമോ; ഐ.പി. എന്നേക്ക് ആരംഭിക്കാനാകും; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സർക്കാർ ലാബുകളുടെ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ</u>

814 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വിവിധ സർക്കാർ ലാബുകൾ എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ നിലവാരത്തിലേക്കുയർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ബാധിതരായവർക്കുള്ള സഹായ പദ്ധതി</u>

815 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരായവർക്കുള്ള സഹായ പദ്ധതി പ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നാളിതുവരെ എത്ര പേരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഈ ലിസ്റ്റിൽ ഇനി എത്ര പേരെ ഉൾപ്പെടുത്താനുണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) എൻഡോസൾഫാൻ കീടനാശിനി തളിച്ച പഞ്ചായത്തുകളുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവരും കീടനാശിനിമൂലം രോഗം ബാധിച്ചവരുമായവരെ കൂടി പ്രസ്തുത സഹായ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയ നടപടി</u>

816 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയതിൽ മനംനൊന്ത് കാസർഗോഡ് ബെള്ളൂർ സ്വദേശി ജാനുനായ്ക്ക് 2012 ആഗസ്റ്റ് 21-ന് വിഷം കഴിച്ച് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ജാനുനായ്ക്കിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രം</u>

817 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ശോച്യാവസ്ഥയിൽ പ്രതിഷേധിച്ച് നടന്നുവരുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പരിഹരിക്കുവാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) മുഹമ്മ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക, കിടത്തി ചികിത്സ പുനരാരംഭിക്കുക, സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തുക, ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ അടിയന്തിരമായി പരിഹരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മാറഞ്ചേരി സി.എച്ച്.സി</u>

818 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സി.എച്ച.സി. യുടെ കെട്ടിടനിർമ്മാണം പൂർത്തിയായോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുളള തടസ്സങ്ങൾ എന്തൊക്കെ; വിശദമാക്കാമോ;

(സി) ഇത് എന്ന് പൂർത്തീകരിക്കാനാകും; പ്രസ്തുത സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേൺ മറ്റു സി.എച്ച്.സി.കളിലെ സ്റ്റാഫ് പാറ്റേണിന് തുല്യമാണോ;

(ഡി) അല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ സി.എച്ച്.സി. ഘടനക്കനുസൃതമായി മാറ്റുന്നതിനും, മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികള്‍ പാട്ടത്തിന് നല്‍കല്‍</u>

819 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികള്‍ പാട്ടത്തിന് നല്കാന്‍, വയനാട് പാലക്കാട് ജില്ലകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ വിശദാംശങ്ങള്‍ അറിയിക്കാന്‍ ആരോഗ്യ വകുപ്പ് സെക്രട്ടറി നിര്‍ദ്ദേശം നല്കിയിട്ടുണ്ടായിരുന്നുവോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറി നല്കിയ കുറിപ്പിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(സി) കുറിപ്പില്‍ ആവശ്യപ്പെട്ട വിശദാംശങ്ങള്‍ ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ സ്റ്റാഫ് നേഴ്സ് ഒഴിവുകൾ</u>

820 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ആശുപത്രികളിൽ സ്റ്റാഫ് നേഴ്സിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജില്ലാ പി.എസ്.സി. സ്റ്റാഫ് നഴ്സുമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുകയുണ്ടായി ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഇന്റ്റസ്റ്റ് ഫ്രീ മെഡിക്കൽ അഡ്വാൻസ്/റീ- ഇമ്പേഴ്സ്മെന്റ്</u>

821 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒട്ടാകെയുള്ള ''ഇന്റ്റസ്റ്റ് ഫ്രീ മെഡിക്കൽ അഡ്വാൻസ്''/റീ- ഇമ്പേഴ്സ്മെന്റ് കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻ സെക്രട്ടേറിയറ്റിൽ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട വിഭാഗത്തിൽ എത്ര അസിസ്റ്റന്റുമാരുണ്ട് ;

(ബി) അപേക്ഷകളിന്മേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിനായി ഈ വിഭാഗത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങള്‍

822 ശ്രീ. ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പി. എച്ച്. സെന്ററുകള്‍ ആരംഭിക്കുവാന്‍ കഴിഞ്ഞിട്ടില്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകള്‍ ഉണ്ട് ;

(ബി) സര്‍ക്കാര്‍ അധികാരമേറ്റ ശേഷം ഏതൊക്കെ ഗ്രാമപഞ്ചായത്തുകളില്‍ പി.എച്ച്. സെന്ററുകള്‍ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ ഉത്തരവ് ഉള്‍പ്പെടെ വിശദാംശം അറിയിക്കുമോ ;

(സി) അടിസ്ഥാന സൗകര്യങ്ങള്‍ എല്ലാം തന്നെയുള്ള കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തില്‍ പി.എച്ച്. സി. അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; എങ്കില്‍ അതിന്മേല്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിത പിന്നോക്കാവസ്ഥയും, ആതുര ശുശ്രൂഷാ സ്ഥാപനങ്ങളുടെ അഭാവവും പരിഗണിച്ച് ചിറക്കരയില്‍ പി.എച്ച്. സി. അനുവദിക്കുവാന്‍ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

കുറ്റ്യാടി താലൂക്ക് ആശുപത്രിയിലെ മെഡിക്കൽ ഉപകരണങ്ങൾ

823 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ഉപകരണങ്ങൾ നൽകുന്നത് സംബന്ധിച്ച് ജെ1/25300/2011/എച്ച്& എഫ്.ഡബ്ല്യു.ഡി നമ്പർ ഫയലിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12- 2012-2013 കാലയളവിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ എന്തെല്ലാം മെഡിക്കൽ ഉപകരണങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്

824 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് നൽകുന്നതിൽ പ്രീ ഫാക്ടോ സാങ്ഷൻ, പോസ്റ്റ് ഫാക്ടോ സാങ്ഷൻ എന്നിവ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

825 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ എത്ര വർഷങ്ങളായി നിലവിലുണ്ടെന്നും ഇത് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളള തെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

തൃശ്ശൂർ മെഡിക്കൽ കോളേജിലെ പുതിയ ആശുപത്രി ബ്ലോക്ക്

826 ശ്രീ. വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ നെഞ്ചു രോഗാശുപത്രിയിൽ നിന്ന് മെഡിസിനും, അനുബന്ധ വിഭാഗങ്ങളും പുതിയ ആശുപത്രി ബ്ലോക്കുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മാറ്റുന്നതിനുള്ള നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് പറയാമോ;

(സി) അവ പ്രവർത്തന ക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തൃശൂർ മെഡിക്കൽ കോളേജിലെ ലിഫ്റ്റ് സംവിധാനം</u>

827 ശ്രീ. വി.എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ മെഡിക്കൽ കോളേജിലെ നെഞ്ചുരോഗാശുപത്രിയിലെ ഏക ലിഫ്റ്റ് മൂന്ന് വർഷത്തോളമായി പ്രവർത്തന രഹിതമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദീർഘമായ കാലം ലിഫ്റ്റ് നന്നാക്കതെ നിരുത്തരവാദപരമായി പെരുമാറിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(സി) ലിഫ്റ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 12.12.2012-ലെ മറുപടിക്ക്

<u>പെരിങ്ങോം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഡോക്ടർമാരുടെ അഭാവം</u>

828 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ താലൂക്ക് ആശുപത്രി പദവി നൽകിയ പെരിങ്ങോം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ അഭാവം മൂലം സാധാരണ രോഗികൾക്ക് ചികിത്സ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുണ്ട് ; ഏതെല്ലാം എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ പുതിയ കെട്ടിടത്തിന് ലിഫ്റ്റ്

829 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ എൻ.ആർ.എച്ച്.എം മുഖേന പുതുതായി നിർമ്മിച്ച കെട്ടിടത്തിന് ലിഫ്റ്റ് സൗകര്യം അനുവദിക്കാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) ലിഫ്റ്റ് സ്ഥാപിച്ച് പുതിയ കെട്ടിടം എപ്പോൾ തുറന്നു കൊടുക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പേരാമ്പ്ര ആശുപത്രിയുടെ വികസനം</u>

830 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തിയതിനുശേഷം പേരാമ്പ്ര ആശുപത്രിയുടെ വികസത്തിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും ഇല്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കൊരട്ടി ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റലിലെ പേഷ്യന്റ്സ് എംപ്ലോയീസ് സ്കീം</u>

831 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റലിൽ പേഷ്യന്റ്സ് എംപ്ലോയീസ് സ്കീമിൽ താൽക്കാലികമായി നിയമിച്ച പതിനാല് ജീവനക്കാരുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്നതിനായുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആയതിന് അംഗീകാരം നൽകുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>മെഡിസിറ്റി</u>

832 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗവൺമെന്റ് ലെപ്രസി ആശുപത്രിയുടെ വക 110 ഏക്കർ സ്ഥലത്ത് സർക്കാർ മേഖലയിൽ മെഡിസിറ്റി സ്ഥാപിക്കുന്നതടക്കമുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചോർന്നൊലിക്കുന്നതും ജീർണ്ണിച്ചതുമായ പഴയ കെട്ടിടങ്ങളിലായി ചിതറിക്കിടക്കുന്ന കൊരട്ടി ഗവൺമെന്റ് ലെപ്രസി ഹോസ്പിറ്റലിനെ ഒറ്റ കെട്ടിടത്തിൻ കീഴിൽ കൊണ്ടുവരുന്നതിനായി ഒരു പുതിയ കെട്ടിടം നർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

108 ആംബുലൻസ് സേവനം വഴി എത്ര പേരുടെ ജീവൻ രക്ഷിക്കുവാൻ സാധിച്ചു

833 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വിജയകരമായി നടപ്പിൽ വരുത്തിയ 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലയിലും സർക്കാർ നടപ്പിലാക്കിയോ ; വിശദമാക്കുമോ ;

(ബി) 108 ആംബുലൻസ് സേവനം വഴി എത്ര പേരുടെ ജീവൻ രക്ഷിക്കുവാൻ സാധിച്ചു ;

(സി) 2012 നവംബർ 30 വരെ വാഹനാപകടത്തിൽ പരിക്കേറ്റ എത്ര പേർക്ക് ഇതിന്റെ സേവനം ലഭിച്ചു ;

(ഡി) 2012 നവംബർ 30 വരെ ഹൃദയ സംബന്ധവും ശ്വാസതടസ്സവും അനുഭപ്പെട്ട എത്ര പേർക്ക് ഇതിന്റെ സേവനം ലഭിച്ചു ;

(ഇ) എത്ര ഗർഭിണികൾ 108 ആംബുലൻസിൽ കൊണ്ടുപോകവെ പ്രസവിച്ചു ; എത്ര ഗർഭിണികളെ പ്രസവത്തിന് അടിയന്തിര ശുശ്രൂഷ നൽകി ആശുപത്രികളിൽ എത്തിച്ചു ;

(എഫ്) എത്ര 108 ആംബുലൻസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് ; അവ പ്രവർത്തിപ്പിക്കുവാൻ ദിനം പ്രതി ശരാശരി എന്തു തുക ചെലവാകും ; ഇതിൽ ജോലി നോക്കുന്നവർ ആരോഗ്യവകുപ്പിലെ ജീവനക്കാരാണോ ; വിശദമാക്കുമോ ;

(ജി) കഴിഞ്ഞ സർക്കാർ 108 ആംബുലൻസുമായി ബന്ധപ്പെട്ട് നോഡൽ ഏജൻസിയായി അനുവദിച്ച കെൽട്രോൺ എന്ന പൊതുമേഖലാസ്ഥാപനത്തെ മാറ്റി ഈ സർക്കാർ സ്വകാര്യ ഏജൻസിക്ക് നൽകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

(എച്ച്) 108 ആംബുലൻസിന്റെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമായ രീതിയിലും കുറ്റമറ്റ രീതിയിലും ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ സ്റ്റാഫുകളുടെ നിയമനം</u>

834

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ ചികിത്സ തേടി എത്തുന്നുണ്ട്;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ വിവിധ കാറ്റഗറികളിലായി എത്ര തസ്തികകളാണ് നിലവിലുള്ളത്; അവയിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ട്; ഇപ്പോൾ നിലവിൽ എത്ര ഡോക്ടർമാരാണുള്ളത്;

(സി) എത്ര ഡോക്ടർമാർ വർക്കിംഗ് അറേഞ്ച്മെന്റിൽ വിവിധ ആശുപത്രികളിൽ ജോലി ചെയ്യുന്നുണ്ട്; പ്രസ്തുത വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്തു തിരികെ മാതൃ സ്ഥാപനത്തിൽ ജോലി ചെയ്യിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാരുടെയും മറ്റ് പാരാ മെഡിക്കൽ സ്റ്റാഫംഗങ്ങളുടെയും ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

835

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആദ്യബഡ്ജറ്റിൽ പ്രഖ്യാപിച്ച കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര ഏക്കർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്; അവ ഏതൊക്കെ വില്ലേജിലാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ലാബുകളുടെ നിയന്ത്രണം</u>

836 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകൾക്ക് നിയമാനുസൃത പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണ് ;

(ബി) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് കൊടുക്കുന്നത് പഞ്ചായത്തുകളാണോ ; എങ്കിൽ ഇതിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഒരേ ടെസ്റ്റ് വിവിധ സ്വകാര്യ ലാബുകളിൽ നടത്തുമ്പോൾ വ്യത്യസ്തമായ റിപ്പോർട്ട് കിട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്വകാര്യ ലാബുകളെ നിയന്ത്രിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

എൻഡോ സൾഫാൻ ദുരിത ബാധിതരും മെഡിക്കൽ ക്യാമ്പും

837 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോ സൾഫാൻ ദുരിതബാധിതരെ കണ്ടെത്തുന്നതിന് കാസർഗോഡ് ജില്ലയിൽ എത്ര മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ ഉൾപ്പെട്ട എത്ര പേരെ കണ്ടെത്തിയിട്ടുണ്ട്; കാറ്റഗറി അനുസരിച്ച് വിശദമായ കണക്ക് വ്യക്തമാക്കാമോ;

(സി) കേന്ദ്ര മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച നഷ്ടപരിഹാര തുക ഈ ലിസ്റ്റിലുള്ള എല്ലാവർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>പോഷകാഹാര ക്ഷാമവും സർക്കാർ സ്വീകരിച്ച നടപടികളും</u>

838 ശ്രീ. എളമരം കരീം.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോഷകാഹാരക്ഷാമം അനുഭവിക്കുന്നവർ എത്രയാണെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എതെല്ലാം ;

(സി) സംസ്ഥാനത്ത് ദരിദ്രകുടുംബങ്ങൾ ആഹാരസാധനങ്ങളുടെ വില വർദ്ധനവ് മൂലം പോഷകാഹാരം ലഭിക്കാതെ മരണപ്പെട്ടിട്ടുള്ളതായി അറിയാമോ ; ഇത്തരത്തിലുള്ള എത്ര മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്ത് സ്ഥിരം ഭക്ഷ്യക്ഷാമം അനുഭവിക്കുന്നവർ എത്രയെന്നുളള കണക്കുകൾ ലഭ്യമാണോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>അരൂക്കുറ്റി, തൈക്കാട്ട്ശ്ശേരി സി.എച്ച്.സി. കളിലെ ഒഴിവുകൾ</u>

839

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജക മണ്ഡലത്തിലെ അരൂക്കുറ്റി ആശുപത്രിയിൽ സി.എച്ച്.സി.യിൽ ഐ.പി.എച്ച് സ്റ്റാൻഡേർഡ് പ്രകാരമുള്ള അത്രയും ഡോക്ടർമാരെ നിയമിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ അപേക്ഷ ലഭിച്ചുവോ; ആയതിന്മേൽ തസ്തിക സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; തൈക്കാട്ട്ശ്ശേരി സി.എച്ച്.സി.യിൽ സ്ട്രെങ്ങ്ത് പ്രകാരമുള്ള ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ;

(ബി) ദേശീയപാതയോരത്തെ പ്രധാന ആശുപത്രിയായ തുറവൂർ താലൂക്ക് ആശുപത്രിയുടെ ഗ്രേഡ് ഉയർത്തിയത് പ്രകാരം അവിടെ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമലയിൽ പ്രസാദ നിർമ്മാണം</u>

840

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ പ്രസാദ നിർമ്മാണം ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാർ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രസാദങ്ങൾ ഉണ്ടാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂപ്പൽ പിടിച്ച അപ്പം സംബന്ധിച്ച വിവാദത്തിൽ ക്ഷേത്രത്തിലെ വരുമാനത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമല തീർത്ഥാടകരുടെ ഇടത്താവള വികസനം</u>

841 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകരുടെ ഒരു പ്രധാന ഇടത്താവളമാണ് വൈക്കം എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടത്താവളങ്ങളുടെ വികസനകാര്യത്തിൽ വൈക്കത്തിന് എന്തെങ്കിലും പരിഗണനന നൽകിയതായി വെളിപ്പെടുത്തുമോ;

(സി) ശബരിമല തീർത്ഥാടകരുടെ ഇടത്താവളമെന്ന രീതിയിൽ വൈക്കത്തെത്തുന്ന തിർത്ഥാടകർക്ക് അവശ്യം വേണ്ട സൗകര്യങ്ങളില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ശബരിമല ഇടത്താവളങ്ങളുടെ വികസനത്തിനായി ഒരു പൊതു പാക്കേജുണ്ടാക്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

ശബരിമല - പാർക്കിംഗ് ഫീസ്

842 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ശബരിമലയിൽ ദർശനത്തിനെത്തുന്ന അയ്യപ്പ ഭക്തൻമാരുടെ വാഹനങ്ങൾക്ക് പമ്പയിലും പരിസരങ്ങളിലും ഏർപ്പെടുത്തിയിട്ടുള്ള പാർക്കിംഗ്ഫീസ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ആശ്രിത നിയമനം</u>

843 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കഴിഞ്ഞ ബോർഡ് ഭരണകാലത്ത് എത്ര പേർക്ക് ആശ്രിത നിയമനം നൽകിയിട്ടുണ്ട് ;

(ബി) എന്നുമുതലുള്ള അപേക്ഷകളിലാണ് തീർപ്പു കൽപിക്കപ്പെട്ടത് ;

(സി) ആശ്രിത നിയമനത്തിന് പരിഗണിക്കാൻ ദേവസ്വം ബോർഡ് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി എത്ര ;

(ഡി) ആശ്രിത നിയമനത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ദേവസ്വം ബോർഡിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ശബരിമല മാസ്റ്റർ പ്ലാൻ</u>

844 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നിലയ്ക്കലിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയത്; വിശദാംശം നൽകുമോ;

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം ശബരിമലയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതുവരെ പൂർത്തീകരിച്ചത്; വിശദമാക്കാമോ;

(സി) മാസ്റ്റർ പ്ലാൻ അനുസരിച്ചുളള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>ക്ഷേത്രങ്ങളേയും ക്ഷേത്രംവക കാവുകളേയും</u>
<u>സംരക്ഷിക്കാൻ നടപടി</u>

845 ശ്രീ. കെ. ശിവദാസൻ നായർ
,, പി. എ. മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളേയും ക്ഷേത്രംവക കാവുകളേയും സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ഭരണതലത്തിൽ ഒരുക്കിയിട്ടുള്ളതെന്നും എന്തെല്ലാം ധനസഹായങ്ങളാണ് ക്ഷേത്രങ്ങളെയും കാവുകളെയും സംരക്ഷിക്കുന്നതിന് ഉടമകൾക്ക് ലഭിക്കുന്നതെന്നും വിശദമാക്കുമോ ;

(സി) ഗ്രാമങ്ങളിലെ ഭൂഗർഭജലനിരപ്പ് നിലനിർത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ നടപടികളിൽ ഉൾക്കൊളളിച്ചിട്ടുളളത്; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 12.12.2012-ലെ മറുപടിക്ക്

<u>നിലയ്ക്കലും പമ്പസന്നിധാനത്തിലും ഈ വർഷം നടന്ന ലേലങ്ങൾ</u>

846 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലയ്ക്കലും പമ്പ സന്നിധാനത്തിലും ഈ വർഷം സീസൺ ആരംഭിക്കുന്നതിനു മുമ്പായി നടന്ന ലേലങ്ങൾ എന്തൊക്കെയായിരുന്നു; ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം കാര്യങ്ങളിൽ ലേലം വിളിച്ച് കരാർ ഉറപ്പിച്ചു കൊടുക്കുകയുണ്ടായി ;

(ബി) ലേലം ഉറപ്പിച്ച മേഖല, തീയതി, തുക ഇതേ കാര്യത്തിൽ മുൻവർഷം ലഭിച്ച ലേലതുക തുടങ്ങിയവ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഐറ്റങ്ങളിൽ മുൻവർഷത്തെക്കാൾ ലേലതുകയിൽ കുറവുണ്ടായി; വിശദമാക്കാമോ ;

(ഡി) ലേല നടപടി ക്രമത്തിൽ ഈ വർഷം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു; ആരുടെ നേതൃത്വത്തിലായിരുന്നു ലേലം വിളി നടന്നിരുന്നത് ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**12.12.2012-ലെ മറുപടിക്ക്**

<u>സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് നിർമ്മാണം</u>

847 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിൽ ഒരു സ്ഥിരം പോലീസ് എയ്ഡ് പോസ്റ്റ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ:

(ബി) യുനെസ്കോയുടെ അംഗീകാരത്തിനായി ചെട്ടികുളങ്ങര ക്ഷേത്രത്തെ പരിഗണിക്കുന്നതിലേക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?